# മണ്ണും വെള്ളവും ചെടിയും ഏറ്റുവാങ്ങി അരുന്ധതി

കോട്ടയം: മീനച്ചിലാറ്റിലെ വെള്ളവും അയ്യനത്തെ മണ്ണും കടമ്പുള്ളിതൈയും പുതുതലമുറയിൽനിന്നും ഏറ്റുവാങ്ങാനായി അരുന്ധതി റോയി എത്തി. ജലവും ഭൂമിയുമൊക്കെ വിഷലിപ്തമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ പരിസ്ഥിതിയുടേയും മീനച്ചിലാറിന്റേയും ഓർമ്മക്കായാണ് മീനച്ചിലാർ സംരക്ഷണസമിതി ഭൂഭദ്രതയും ചേർന്ന് സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് ഇവ അരുന്ധതിക്ക് കൈമാറിയത്.

കണ്ണില്ലാത്ത ടൂറിസവും മാലിന്യനിബിഡമായ പരിസ്ഥിതിയും ചേർന്ന് കേരളത്തെ നശിപ്പിക്കുമെന്നും, ഭാവിയിൽ ദൈവത്തിന്റെ സ്വന്തം നാട് സഞ്ചാരികൾക്ക് അന്യമാകമെന്നും മറുപടിപ്രസംഗത്തിൽ അരുന്ധതി പറഞ്ഞു. വേമ്പനാട്ടുകായൽ മാലിന്യസംഭരണകേന്ദ്രമായി കഴിഞ്ഞിരിക്കുന്നു. വെള്ളത്തിന്റെ നടുവിൽ കഴിയുന്നവർപോലും കുടിവെള്ളത്തിനായി അലയേണ്ട ഗതികേടിലാണിന്ന് കേരളം. ടൂറിസ്റ്റുകൾ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ പുഴകളേയും കായലുകളേയും ഇനി തിരിച്ചെടുക്കാൻ കഴിയാത്ത വിധത്തിൽ നശിപ്പിക്കുന്നു. പാതിരാമണൽ പോലെ പ്രകൃതിയുടെ തനിമ നിലനിൽക്കുന്ന പ്രദേശങ്ങൾക്ക് ടൂറിസം വ്യവസായികളും രാഷ്ട്രീയക്കാരും ചേർന്ന് വിലയിടുന്നു. ഇതിനെതിരെ പ്രതികരിക്കാൻ അരുന്ധതി ആഹ്വാനം ചെയ്തു.

